Draft #1 of File 28242/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 07-Jul-2020 09:10 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബിരുദ/ ബിരുദാനന്തര ബിരുദ പ്രവേശനം - സർവ്വകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (Economically Weaker Section) വിദ്യാർത്ഥികൾക്ക് 10% സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3047/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.07.2020

---

*പരാമർശം:-*(1) സ.ഉ.(എം.എസ്).നം.128/2020/ഉ.വി.വ തീയതി 20.03.2020

(2) സർവ്വകലാശാല പുറത്തെഴുത്ത് നം. 14911/ADA 3/ 4/2020/ADMIN തീയതി 23.04.2020

**ഉത്തരവ്**

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (Economically Weaker Section) വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 10% സംവരണം ഏർപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി ഉത്തരവ്, പരാമർശം (2) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. മേൽ സർക്കാർ ഉത്തരവ് പ്രകാരം, ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള 10% സംവരണം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ / വ്യവസ്ഥകൾ ബന്ധപ്പെട്ട പ്രോസ്പെക്ടസ്, അപേക്ഷാ ഫോറങ്ങൾ എന്നിവയിൽ ചേർക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ മൂന്നു വിഭാഗത്തിലേക്കാണ് Mandatory Reservation നൽകുന്നത്.

(1) ഗവണ്മെന്റ് കോളേജിലെ പ്രോഗ്രാമുകൾ
(2) എയ്ഡഡ് കോളേജിലെ പ്രോഗ്രാമുകൾ
(3) സ്വാശ്രയ കോളേജിലെ പ്രോഗ്രാമുകൾ/ എയ്ഡഡ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയപ്രോഗ്രാമുകൾ

മേൽ സർക്കാർ ഉത്തരവ് പ്രകാരം, ന്യൂനപക്ഷ പദവിയില്ലാത്തതും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചു വരുന്നതുമായ സർവകലാശാലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പ്രവേശനത്തിന് മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% സംവരണം അനുവദിക്കേണ്ടതുണ്ട്. എയ്ഡഡ് കോളേജുകളിൽ

മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചിട്ടില്ലാത്തതിനാൽ അവ ഈ സർക്കാർ ഉത്തരവിന്റെ പരിധിയിൽ വരുന്നില്ല.

ആയതിനാൽ, സർക്കാർ ഉത്തരവ് പ്രകാരം മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദ / ബിരുദാനന്തര ബിരുദ പ്രവേശനത്തിന് മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള 10% സംവരണം ഉറപ്പാക്കുന്നതിനായി താഴെ സൂചിപ്പിച്ചിരിക്കുന്ന തരത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരമുള്ള അധികാരമുപയോഗിച്ച് വൈസ്- ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. സർക്കാർ കോളേജുകളിലെ പ്രവേശനത്തിന് EBFC (Economically Backward among Forward Communities) വിഭാഗത്തിൽ പെട്ടവർക്ക് നിലവിൽ നൽകുന്ന 10% സംവരണം EWS (Economically Weaker Section) എന്ന് പുനർനാമകരണം ചെയ്തിരിക്കുന്നു.

2. സ്വാശ്രയ കോളേജുകളിലെ പ്രവേശനത്തിനും എയ്ഡഡ് കോളേജിലെ സ്വാശ്രയ പ്രോഗ്രാമുകളിലെ പ്രവേശനത്തിനും 50% മെറിറ്റ് സീറ്റുകളുടെ 65% സീറ്റുകളാണ് പൊതു വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ളത്. ഇതിൽ 10% EWS വിഭാഗത്തിനായി മാറ്റിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും
(2) വൈസ്- ചാൻസിലർ/ പ്രോ - വൈസ്- ചാൻസലർ എന്നിവരുടെ പി.എസ് മാർ
(3 ) രജിസ്ട്രാർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ മാർ
(4 ) എ.ആർ/ഡി.ആർ/ ജെ.ആർ (അക്കാദമിക്/ ഭരണം)
(5 ) പി.ആർ.ഒ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
(6) എ.സി.എ7/എ.സി.ബി7/ എ.സി.എ 12,
(7) സിറ്റാഡ്/ എ.സി.ബി 6
(8) സ്റ്റോക്ക് ഫയൽ /റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 28242/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 07-Jul-2020 09:10 AM - Page 2

മഹാത്മാ ഗാന്ധി സർവ്വകലാശാല, കോട്ടയം